# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4447** **13.11.2019-ൽ മറുപടിയ്ക്ക്**

**ജോലിയും ജീവനോപാധിയും നഷ്ടപ്പെട്ട പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗക്കാരുടെ കണക്ക്**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2019 ലുണ്ടായ പ്രളയം മൂലം ജോലിയും ജീവനോപാധിയും നഷ്ടപ്പെട്ട പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാരുടെ കണക്ക് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് 2019-ലുണ്ടായ പ്രളയം മൂലം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 515 പേർക്ക് ജീവനോപാധികൾ നഷ്ടപ്പെട്ടിട്ടുണ്ട്.<br>സംസ്ഥാനത്തുടനീളമുള്ള പട്ടികവർഗ്ഗ മേഖലയിൽ വ്യാപകമായ കൃഷി നാശമോ, തൊഴിൽ നഷ്ടങ്ങളോ ഉണ്ടായിട്ടില്ല. എന്നിരുന്നാലും, വയനാട് ജില്ലയിലെ 3 പേർക്ക് ജീവനോപാധി നഷ്ടപ്പെട്ടിട്ടുണ്ട്. |
| (ബി) | 2018 ലെ മഹാപ്രളയത്തിൽ ജോലിയും ജീവനോപാധിയും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ? | (ബി) | 2018-ലെ പ്രളയത്തിൽ ദുരിതബാധിതരായ പട്ടികജാതി കുടുംബങ്ങൾക്ക് 5,000/-രൂപ വീതം ആശ്വാസധനസഹായം നൽകി. പൂർണ്ണമായും വീട് തകർന്നവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകി വരുന്നു. പ്രളയാനന്തരം ഭൂമി വാസയോഗ്യമല്ലാതായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. പ്രളയത്തിൽ തകർന്ന 90 കോളനികൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. എറണാകുളം ജില്ലയിൽ 43 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അവരുടെ ജീവനോപാധികളായിരുന്ന മരംവെട്ട് യന്ത്രം, ചെണ്ട, തയ്യൽ മെഷീനുകൾ, കളിമൺ നിർമ്മാണ യൂണിറ്റ്, തട്ടുകട, ഓട്ടോറിക്ഷ, വള്ളം പണിയുന്ന ഉപകരണങ്ങൾ സ്വയം തൊഴിലിനുള്ള പണിയായുധങ്ങൾ എന്നിവ നഷ്ടപ്പെട്ടിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽപ്പെടുത്തി നഷ്ടത്തിന്റെ തോതനുസരിച്ചുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടിയിൽ ജീവനോപാധി നഷ്ടപ്പെട്ട 19 പേർക്ക് വകുപ്പിന്റെ പ്രത്യേക കേന്ദ്ര സഹായ പദ്ധതി പ്രകാരം ആട്ടു വളർത്തൽ, പോത്തുകുട്ടി വളർത്തൽ, പശുകുട്ടി വളർത്തൽ എന്നിവയ്ക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ജീവനോപാധികൾക്ക് പുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് ഓരോ കുടുംബത്തിനും ആശ്വാസ ധനസഹായമായി 10,000/-രൂപ വീതവും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**